# വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത് ഓഫീസ്

## ഐ.എസ്.ഒ 9001:2015 സർട്ടിഫൈഡ്

**ഇടുക്കി ജില്ല, വെള്ളത്തൂവൽ. പിൻ-685563,ഫോൺ:04864 276222, ഇമെയിൽ: *vellathoovalgp@gmail.com***


നമ്പർ : എ6-2867/2024(9) തീയതി:17.12.2025

പ്രേക്ഷിതൻ,

സെക്രട്ടറി.

ഗ്രാഹകൻ,

ബഹു. ജോയിന്റ് ഡയറക്ടർ

തദ്ദേശ സ്വയം ഭരണ വകുപ്പ്, ഇടുക്കി

സർ,

വിഷയം :വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത്- ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ജില്ലാ അദാലത്ത് - കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കി നൽകണമെന്ന ഉത്തരവിൽ തുടർ നട പടി സ്വീകരിക്കുന്നത്- സംബന്ധിച്ച്

സൂചന : 1.ശ്രീ,ജോയി ജോസഫ്, നുറംമാക്കൽ, പാടംറോഡ് ,ഇളമക്കര സൗത്ത് നൽകിയ അപേക്ഷ (ഡോക്കറ്റ് നമ്പർ BPIDK30576000021)

2.ശ്രീ, റഷീദ് ബാവു, മതിലകത്ത് വീട്, പാടൂർ നൽകിയ അപേക്ഷ (ഡോക്കറ്റ് നമ്പർ BPIDK30576000023)

3.ശ്രീമതി.കൗസല്യ പി കെ , പൂവത്തുംകുടി,നീലിശ്വരം നൽകിയ പരാതി(ഡോക്കറ്റ് നമ്പർ BPIDK30576000024)

4.ശ്രീ.റെജി ജേക്കബ് , പി റ്റി എൽ വാലി റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്, ചിത്തിരപുരം നൽകിയ പരാതി (ഡോക്കറ്റ് നമ്പർ BPIDK30576000021)

5.ഈ ഓഫീസിൽ നിന്ന് 18/09/2024 തീയതിയിൽ എ6-2867/2024(9) നമ്പരായി നൽകിയ മറുപടി)

മേൽ സൂചനയിലേക്കും വിഷയത്തിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്തിലെ കുഞ്ചിത്തണ്ണി വില്ലേജിൽ അനുവദിക്കപ്പെട്ട കെട്ടിട നിർമ്മാണ പെർമിറ്റ് പെർമിറ്റുകളുടെ കാലാവധി 10 വർഷം പൂർത്തീകരിച്ചതിനാൽ 5 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് സൂചന (1),(2),(3),(4) എന്നിങ്ങനെ അപേക്ഷകൾ 30/08/2024 ൽ നടന്ന ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ ജില്ലാ അദാലത്തിൽ ലഭിച്ചിരുന്നു. ആയത് നിലവിലെ നിയമ പ്രകാരം സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള സമിതി മുമ്പാകെ അപേക്ഷ നൽകി നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് അപേക്ഷകൾ തീർപ്പ് കൽപ്പിച്ചിരുന്നു.എന്നാൽ അപേക്ഷകർ ബഹു തദ്ദേശ വകുപ്പ് മന്ത്രിയെ നേരിട്ട് ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ചട്ടങ്ങ

ളിൽ ഭേദഗതി വരുത്തുമെന്നും തദ്ദവസരത്തിൽ അപേക്ഷകൾ പരിഗണിക്കണമെന്നും ഉത്തരവിട്ടിട്ടുള്ളതാണ്.

എന്നാൽ 29/10/2025 തീയതിയിലെ ബഹു തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി ഒ (പി) 5/2025/ എൽ എസ് ജി ഡി ഉത്തരവ് പ്രകാരമുള്ള കേരള പഞ്ചായത്ത് ബിൽഡിംഗ് (അമെൻഡ്മെന്റ്) റൂൾ സെക്ഷൻ 8(15)(4) പ്രകാരം 10 വർഷത്തിൽ അധികരിച്ച പെർമിറ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് കാലാവധി കഴിഞ്ഞ് 3 വർഷത്തിനുള്ളിൽ ജില്ലാ ലെവൽ കമ്മറ്റിക്ക് അപേക്ഷ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആകയാൽ, ടി അപേക്ഷകൾ ജില്ലാ ലെവൽ കമ്മറ്റിക്ക് സമർപ്പിച്ച് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അങ്ങയുടെ അറിവിലേക്കും തുടർനടപടികൾക്കുമായി സമർച്ചുകൊള്ളുന്നു

വിശ്വസ്തതയോടെ,

സെക്രട്ടറി

P.K.SATHEESH KUMAR
SECRETARY
Vellathooval Grama Panchayat
Vellathooval P O, Idukki (Dt) Pin-685 563
Tel-04864 276 222, Mob:9496045019

ISO 9001:2015 CERTIFIED